**റിസർവ് ബാങ്ക് അംഗീകരിച്ച പുന:ക്രമീകരണ പദ്ധതി എന്താണ്?**

കോവിഡ് 19 മഹാമാരി മൂലം ഉണ്ടായ സാമ്പത്തിക തകർച്ചയെ തുടർന്ന് ഉപഭോക്താക്കൾ നേരിടുന്ന സമ്മർദ്ദം പരിഹരിക്കുന്നതിന് വേണ്ടി റിസർവ് ബാങ്ക് വായ്പ നൽകുന്ന സ്ഥാപനങ്ങളോട് നടപ്പാക്കാൻ നിർദ്ദേശിച്ച ഒരു റെസല്യൂഷൻ ചട്ടക്കൂടാണ് പുന:ക്രമീകരണ പദ്ധതി. ആർബിഐ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കുള്ളിൽ നിന്നുകൊണ്ട്, കോവിഡ് 19 മഹാമാരി കാരണം മാത്രം സാമ്പത്തികമായും ധനപരമായും ദോഷകരമായ ബാധിച്ച വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും വായ്പ (കൾ) പുനഃക്രമീകരിക്കുന്നതിനുള്ള ഒരു നയം എബിഎഫ്എൽ രൂപപ്പെടുത്തിയിട്ടുണ്ട്.

**പുന:ക്രമീകരണത്തിന് ആരാണ് യോഗ്യൻ?**

- 2020 മാർച്ച് 1 വരെ സ്റ്റാൻഡേർഡ് ആയി തരംതിരിച്ചിട്ടുള്ളതും എന്നാൽ എബിഎഫ്എല്ലിൽ 30 ദിവസത്തിൽ കൂടുതൽ ഡിഫോൾട്ടിൽ അല്ലാതിരുന്നതും നാളിതുവരെയുള്ള എല്ലാ വായ്പകളിലും സ്റ്റാൻഡേർഡായി തുടരുന്നതുമായ എല്ലാ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പുന:ക്രമീകരണത്തിന് അർഹതയുണ്ടായിരിക്കും.
- കോവിഡ് 19 മഹാമാരി മൂലം വരുമാനത്തിലോ പണമൊഴുക്കിലോ കുറവോ നഷ്ടമോ സംഭവിച്ച് ഉപഭോക്താവിനെ സാമ്പത്തികമായി ബാധിക്കണം.
- വ്യക്തിപരമായ ഉപയോഗത്തിനുള്ള വായ്പ ആയിരിക്കണം.
- പുന:ക്രമീകരണം അനുവദിക്കുന്നതിനുമുമ്പ് പുന:ക്രമീകരിച്ച ഇഎംഐകൾ സർവീസ് ചെയ്യുന്നതിനുനുള്ള പണമൊഴുക്കുകളുടെ കുറവ് എബിഎഫ്എൽ വിലയിരുത്തുന്നതാണ്. ഉപഭോക്താവുമായി നടത്തുന്ന ചർച്ച, രേഖകളുടെ വിലയിരുത്തൽ, ഉപഭോക്താവിന്റെ മൊത്തത്തിലുള്ള തിരിച്ചടവ് ട്രാക്ക് റെക്കോഡ് എന്നിവ പുന:ക്രമീകരണം അനുവദിക്കുന്നതിനുള്ള എബിഎഫ്എല്ലിന്റെ തീരുമാനത്തെ ബാധിക്കുന്നതാണ്.

**ഏത് തരത്തിലുള്ള വായ്പകളാണ് പുന:ക്രമീകരണത്തിന് യോഗ്യമല്ലാത്തത്?**

വ്യക്തികൾ / സ്ഥാപനങ്ങൾക്കുള്ള വായ്പകൾ

- കാർഷിക ആവശ്യങ്ങൾ, കാർഷിക വായ്പകളായി ബാങ്ക് തരംതിരിച്ചിട്ടുള്ള വായ്പകൾ
- അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികൾ
- സാമ്പത്തിക സേവന ദാതാക്കൾ

- കേന്ദ്ര, സംസ്ഥാന, പ്രാദേശിക സർക്കാർ സ്ഥാപനങ്ങൾ
- എബിഎഫ്എൽ ജീവനക്കാർ
- ഇതിനകം റീ ഷെഡ്യൂൾ ചെയ്ത, ഭവന ധനകാര്യ കമ്പനികളിൽ നിന്നുള്ള വായ്പകൾ

വാണിജ്യ ഉപയോഗത്തിനായി നൽകിയിട്ടുള്ള വായ്പകൾക്ക് എംഎസ്എംഇ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വിശദീകരിച്ചിരിക്കുന്നതനുസരിച്ചുള്ള ദുരിതാശ്വാസത്തിന് അവകാശം ഉന്നയിക്കാവുന്നതാണ് ( 25 കോടിയിൽ താഴെയുള്ള മൊത്തം വായ്പക്കുള്ള എംഎസ്എംഇ പുന:ക്രമീകരണം).

കോർപ്പറേറ്റ് വായ്പക്കാർക്ക് (രൂ. 25 കോടിയിൽ കൂടുതൽ ) പുന:ക്രമീകരണ മാർഗ്ഗ നിർദ്ദേശങ്ങൾ കൺസോർഷ്യം തലത്തിൽ നൽകിയിട്ടുണ്ട്.

**എന്റെ വായ്പയിൽ പുന:ക്രമീകരണ ആനുകൂല്യം എങ്ങനെ ലഭിക്കും?**

നിങ്ങൾക്ക് താഴെ വ്യക്തമാക്കിയതുപോലെ ആവശ്യമായ രേഖകൾ സഹിതം ഞങ്ങളുടെ ഉപഭോക്തൃ സേവന ടീമിന് എഴുതാം:

നിങ്ങൾ ഓഫ്ലൈൻ മോഡിൽ ആണ് വായ്പയ്ക്ക് അപേക്ഷിച്ചിരുന്നതെങ്കിൽ.: care.finance@adityabirlacapital.com

നിങ്ങൾ ഓൺലൈൻ മോഡിലാണ് വായ്പയ്ക്ക് അപേക്ഷിച്ചിരുന്നതെങ്കിൽ.: care.digitalfinance@adityabirlacapital.com

**എനിക്ക് ലഭ്യമായിട്ടുള്ള പുന:ക്രമീകരണ ഓപ്ഷനുകൾ എന്തൊക്കെയാണ്?**

പ്രതിമാസ ഇഎംഐ കുറയ്ക്കുന്നതിന് വായ്പയുടെ ബാക്കി കാലാവധി പരമാവധി 24 മാസം വരെ നീട്ടാം.

**പുന:ക്രമീകരണ ആനുകൂല്യം ലഭിക്കുന്നതിന് ഞാൻ എന്തെങ്കിലും രേഖകൾ സമർപ്പിക്കേണ്ടതുണ്ടോ?**

നിങ്ങളുടെ തൊഴിൽ അല്ലെങ്കിൽ ബിസിനസ്സിന്റെ നിലവിലെ അവസ്ഥയെക്കുറിച്ചുള്ള വിശദാംശങ്ങൾ നൽകുന്ന രേഖകൾ സമർപ്പിക്കാൻ എബിഎഫ്എൽ ആവശ്യപ്പെടും.

ശമ്പളമുള്ള / സ്വയംതൊഴിൽ ചെയ്യുന്ന വായ്പാകാർക്ക് ബാങ്ക് സ്റ്റേറ്റ്മെന്റുകൾ, ഐടിആർ, ജിഎസ്ടി റിട്ടേണുകൾ ആവശ്യമായി വന്നേക്കാം. കൂടാതെ, മൊത്തത്തിലുള്ള ക്യാഷ്ഫ്ളോയെ കുറിച്ച് ഒരു ചർച്ച നടത്താൻ എബിഎഫ്എൽ ടീം നിങ്ങളെ സമീപിക്കുകയും ചെയ്യും.

**പുന:ക്രമീകരണ പാക്കേജ് തിരഞ്ഞെടുക്കുന്നത് എന്റെ ക്രെഡിറ്റ് ബ്യൂറോ റിപ്പോർട്ടിൽ സ്വാധീനം ചെലുത്തുമോ?**

റെഗുലേറ്ററി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, നിങ്ങളുടെ വായ്പ / ക്രെഡിറ്റ് സൗ കര്യം ക്രെഡിറ്റ് ബ്യൂറോയ്ക്ക് "പുനഃക്രമീകരിച്ചത്" എന്ന് റിപ്പോർട്ട് ചെയ്യുന്നതാണ്.

റെഗുലേറ്ററി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, പുന:ക്രമീകരണ ഒരു വായ്പക്കാരന്റെ തലത്തിലും ക്രെഡിറ്റ് ബ്യൂറോകളിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്, അതിനാൽ ഒരു വായ്പയ്ക്ക് മാത്രമാണ് വായ്പക്കാരൻ പുന:ക്രമീകരണം എടുത്തിട്ടുള്ളതെങ്കിലും ബാങ്കിൽ നിന്ന് വായ്പക്കാരൻ ലഭ്യമാക്കിയ എല്ലാ സൗകര്യങ്ങളും / വായ്പകളും തരംതിരിക്കപ്പെടുകയും "പുനഃക്രമീകരിക്കപ്പെട്ടവ" എന്ന് റിപ്പോർട്ട് ചെയ്യുന്നതാണ്.

**ഞാൻ എന്റെ വായ്പ പുനഃക്രമീകരിക്കുകയാണെങ്കിൽ എന്തെങ്കിലും പ്രോസസ്സിംഗ് ഫീസോ ചാർജുകളോ ഉണ്ടാകുമോ?**

നിങ്ങളുടെ വായ്പ പുനഃക്രമീകരിക്കാൻ നിങ്ങൾ തീരുമാനിക്കുകയാണെങ്കിൽ എബിഎഫ്എൽ ഒരു ഫീസ് ഈടാക്കാം.

എബിഎഫ്എല്ലിൽ നിന്ന് ഞാൻ ഒന്നിലധികം വായ്പകൾ എടുത്തിട്ടുണ്ട് ഈ ഓരോ വായ്പയ്ക്കും ഞാൻ പ്രത്യേകം അപേക്ഷ നൽകേണ്ടതുണ്ടോ?

ഈ സൗകര്യം ഒരു തവണ മാത്രമേ ലഭ്യമാകൂ, അതിനാൽ പുനഃക്രമീകരിക്കുന്നതിനുള്ള എല്ലാ വായ്പകൾക്കും ഒറ്റയടിക്ക് നിങ്ങൾ അപേക്ഷിക്കേണ്ടതുണ്ട്.

**പുന:ക്രമീകരണ സൗകര്യം ലഭിക്കുന്നതിന് ഏറ്റവും കുറഞ്ഞ കുടിശ്ശികയുടെ ആവശ്യകത ഉണ്ടോ?**

വായ്പ കുടിശ്ശിക പരിവർത്തനം ചെയ്യുന്നതിന് ആവശ്യമായ ഏറ്റവും കുറഞ്ഞ തുക, എല്ലാ വായ്പകളിലും കൂടി 25,000 രൂപ ആണ്.

ഞാൻ സ്വയംതൊഴിൽ ചെയ്യുന്ന അളാണ് / എംഎസ്എംഇ യൂണിറ്റ് ഉടമയാണ്. എനിക്ക് ആശ്വാസത്തിന് അർഹതയുണ്ടോ?

എംഎസ്എംഇ വിഭാഗത്തിൽ പെടുന്ന സ്വയംതൊഴിൽ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എംഎസ്എംഇ ക്ലാസിഫിക്കേഷനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ

അനുസരിച്ച് എംഎസ്എംഇ പുന:ക്രമീകരണ പദ്ധതി പ്രകാരം ആശ്വാസത്തിനായി അപേക്ഷിക്കാം. ചുവടെയുള്ള ലിങ്കിൽ നിങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് നിങ്ങളുടെ റിലേഷൻഷിപ്പ് മാനേജറുമായോ ഉപഭോക്തൃ സേവന ടീമുമായോ ( വിശദാംശങ്ങൾ  മുകളിൽ കൊടുത്തിട്ടുണ്ട്) ബന്ധപ്പെടാം.

ഉദയം പോർട്ടൽ ലിങ്ക്: https://udyamregistration.gov.in/Government-of-India/Ministry-of-MSME/online-registration.htm

ഞാൻ മൊറട്ടോറിയം ലഭ്യമാക്കിയിരുന്നു/ ലഭ്യമാക്കിയിരുന്നില്ല എങ്കിൽ പുന:ക്രമീകരണത്തിന് അപേക്ഷിക്കാമോ?

മൊറട്ടോറിയം സ്റ്റാറ്റസ് പരിഗണിക്കാതെ തന്നെ പുന:ക്രമീകരണ  പദ്ധതി ബാങ്കിലെ എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാണ്, എന്നിരുന്നാലും പുന:ക്രമീകരണ  തീരുമാനം എബിഎഫ്എല്ലിന്റെ വിവേചനാധികാരത്തിൽ ആയിരിക്കും

എല്ലാ വായ്പക്കാരും / സഹ വായ്പക്കാരും പുനഃക്രമീകരണത്തിന് അപേക്ഷിക്കേണ്ടതുണ്ടോ അല്ലെങ്കിൽ വായ്പക്കാരന് മാത്രമേ പുന:ക്രമീകരണം ഓപ്ഷന് അപേക്ഷിക്കാൻ കഴിയൂ?

ചട്ടപ്രകാരവും നിയമപരവുമായ ആവശ്യകതകൾ അനുസരിച്ച്, ഒറിജിനൽ ലോണിന്റെ എല്ലാ വായ്പക്കാർ / സഹവായ്പക്കാരും വായ്പയുടെ പുതുക്കിയ നിബന്ധനകളും വ്യവസ്ഥകളും പ്രധാന വായ്പ കരാറിലെ അനുബന്ധ നിബന്ധനകൾ ഉൾപ്പെടെ അംഗീകരിക്കേണ്ടതുണ്ട്.

പുന:ക്രമീകരണത്തിനുള്ള അപേക്ഷയുടെ അവസാന തീയതി എന്നാണ്?

നിങ്ങൾക്ക് 2020 ഡിസംബർ 15 നകം അപേക്ഷിക്കണം, അതുവഴി റെഗുലേറ്റർക്ക് 2020 ഡിസംബർ 31 ലെ നിശ്ചിത സമയപരിധി പ്രകാരം പുന: ക്രമീകരണ തീരുമാനവും ഡോക്യുമെന്റേഷൻ ക്ലോഷറും നടപ്പാക്കാനാകും.